മാർക്കറ്റ്

144.52 ↓ സെൻസെക്സ് 34155.95
38.85 ↓ നിഫ്‌ടി 10500.90

സ്വർണം

പവൻ (8ഗ്രാം) 22,440
ഒരു ഗ്രാം 2805

■ പഞ്ചാബ് നാഷണൽ ബാങ്കിലെ തട്ടിപ്പ്

കൂടുതൽ ബാങ്കുകൾ സംശയ നിഴലിൽ

മുംബയ്: ഇന്ത്യൻ ബാങ്കിംഗ് മേഖലയെ ആടിയുലച്ച പഞ്ചാബ് നാഷണൽ ബാങ്ക് തട്ടിപ്പ് കേസിൽ കൂടുതൽ ബാങ്കുകൾ ഉൾപ്പെട്ടേക്കും. പഞ്ചാബ് നാഷണൽ ബാങ്കിന്റെ മുംബയിലെ ശാഖയിൽ 11,300 കോടി രൂപയുടെ തട്ടിപ്പ് ജീവനക്കാരുടെ ഒത്താശയോടെ തന്നെയാണ് നടന്നതെന്ന് കണ്ടെത്തിയിട്ടുണ്ട്. തട്ടിപ്പ് നടത്തിയവർ വിദേശത്ത് നിന്നാണ് പണം പിൻവലിച്ചിരിക്കുന്നത്. ഇതിന് അവർക്ക് സഹായകമായത്, പഞ്ചാബ് നാഷണൽ ബാങ്കിൽ നടത്തിയ ഇടപാടുകളുടെ ബലത്തിൽ മറ്റ് ബാങ്കുകളിൽ നിന്ന് ലഭിച്ച വായ്പകളാണെന്നും വ്യക്തമായിട്ടുണ്ട്.

രണ്ട് പ്രമുഖ പൊതുമേഖലാ ബാങ്കുകളും ഒരു മുൻനിര സ്വകാര്യ ബാങ്കുമാണ് പഞ്ചാബ് നാഷണൽ ബാങ്കിൽ നിന്ന് ലഭിച്ച ശുപാർശയുടെ (ലെറ്റേഴ്സ് ഒഫ് അണ്ടർടേക്കിംഗ് - എൽ.ഒ.യു) പിൻബലത്തിൽ ഇടപാടുകാർക്ക് വിദേശ ശാഖകൾ വഴി വായ്പ നൽകിയതെന്നാണ് സൂചന. തട്ടിപ്പിന് കൂട്ടുനിന്ന ബാങ്ക് ജീവനക്കാരാണ് എൽ.ഒ.യു നൽകിയതെന്നും അറിയുന്നു. തട്ടിപ്പിന് അവസരമൊരുക്കിയ എൽ.ഒ.യു ആദ്യം സമർപ്പിക്കപ്പെട്ടത് കഴിഞ്ഞ ജനവരി 16നാണെന്ന് സി.ബി.ഐയോട് പഞ്ചാബ് നാഷണൽ ബാങ്ക് വ്യക്തമാക്കിയിട്ടുണ്ട്.

പ്രമുഖ ആഭരണ ഡിസൈനറായ നീരവ് മോദിയും പാർട്ണർമാരും ചേർന്നാണ് പഞ്ചാബ് നാഷണൽ ബാങ്കിന്റെ മുംബയ് ശാഖയിൽ പണം തിരിമറി നടത്തിയതെന്നാണ് സൂചനകൾ. ശാഖയിൽ ജീവനക്കാരുടെ ഒത്താശയോടെ 280 കോടി രൂപയുടെ തിരിമറി നടത്തിയതിന് ഈമാസം അഞ്ചിന് ഇവർക്കെതിരെ സി.ബി.ഐ കേസെടുത്തിരുന്നു.

നിക്ഷേപകർക്ക് നഷ്ടം ₹3,900 കോടി

തട്ടിപ്പ് വാർത്ത പുറത്തായതിനെ തുടർന്ന് ഇന്നലെ പഞ്ചാബ് നാഷണൽ ബാങ്കിന്റെ ഓഹരി മൂല്യം 9 ശതമാനത്തിനുമേൽ ഇടിഞ്ഞു. നിക്ഷേപകർക്ക് നഷ്ടമായ തുക 3,900 കോടി രൂപ.

തട്ടിപ്പിൽ നഷ്ടം ലാഭത്തിന്റെ 8 ഇരട്ടി

കഴിഞ്ഞ സാമ്പത്തിക വർഷം പഞ്ചാബ് നാഷണൽ ബാങ്ക് രേഖപ്പെടുത്തിയ അറ്റാദായം 1,325 കോടി രൂപയാണ്. ഇതിന്റെ എട്ടരയിരട്ടി തുകയുടെ (11,300 കോടി രൂപ) തട്ടിപ്പാണ് മുംബയ് ശാഖയിൽ നടന്നത്. ബാങ്കിന്റെ മൊത്തം ആസ്തിമൂല്യത്തിന്റെ (36,000 കോടി രൂപ) മൂന്നിലൊന്ന് തുകയാണിത്. മൂലധന സഹായമായി ഈ വർഷം 5,473 കോടി രൂപ കേന്ദ്രസർക്കാർ പഞ്ചാബ് നാഷണൽ ബാങ്കിന് നൽകിയിരുന്നു. തട്ടിപ്പിലൂടെ നഷ്ടപ്പെട്ട തുക ഇതിന്റെ ഇരട്ടി വരും.

നാഗാർജ്ജുന പി.കെ. നാരായണൻ സ്മാരക ഔഷധമിത്രം അവാർഡ് മറ്റത്തൂർ ലേബർ കോ - ഓപ്പറേറ്റീവ് സൊസൈറ്റി പ്രസിഡന്റ് എ.കെ. സുകുമാരന് മന്ത്രി സി. രവീന്ദ്രനാഥ് സമ്മാനിക്കുന്നു. തൃശൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മേരി തോമസ്, കൊടകര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അമ്പിളി സോമൻ, നാഗാർജ്ജുന ഡയറക്ടർ ഡോ. സി.എസ്. കൃഷ്ണകുമാർ, ഔഷധ സസ്യബോർഡ് ഓഫീസർ ഡോ.ഒ.എൽ. പയസ്, സൊസൈറ്റി സെക്രട്ടറി കെ. പ്രശാന്ത്, നാഗാർജ്ജുന മാനേജർമാരായ ബേബി ജോസഫ്, കെ. ശ്രീകുമാർ, ജഡ്ജിംഗ് കമ്മിറ്റി അംഗം പി.എൻ. നാരായണൻ എന്നിവർ സമീപം

പെട്രോനെറ്റിന് ₹528 കോടി ലാഭം

കൊച്ചി: പെട്രോനെറ്റ് എൽ.എൻ.ജി നടപ്പു വർഷത്തെ ഡിസംബർപാദത്തിൽ 33 ശതമാനം വർദ്ധനയോടെ 528 കോടി രൂപയുടെ ലാഭം നേടി. വരുമാനം 23 ശതമാനം വർദ്ധിച്ച് 7,757 കോടി രൂപയായി. കമ്പനിയുടെ ദഹേജ് ടെർമിനൽ ശേഷിയുടെ 113 ശതമാനം എൽ.എൻ.ജി കൈകാര്യം ചെയ്തതാണ് മികച്ച നേട്ടത്തിന് കളമൊരുക്കിയത്.

ചെമ്മണ്ണൂർ ഇന്റർനാഷണൽ ജുവലേഴ്സ് ഗ്രൂപ്പിന്റെ 44-ാം ഷോറൂം പെരുമ്പാവൂരിൽ ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ഡോ. ബോബി ചെമ്മണ്ണൂരും ചലച്ചിത്രതാരം അനു സിത്താരയും ചേർന്ന് ഉദ്ഘാടനം ചെയ്യുന്നു. പെരുമ്പാവൂർ നഗരസഭ ചെയർപേഴ്സൺ സതി ജയകൃഷ്ണൻ, പ്രതിപക്ഷ നേതാവ് ബിജു ജോൺ ജേക്കബ്, സി.പി. അനിൽ (ജി.എം, മാർക്കറ്റിംഗ്) തുടങ്ങിയവർ സമീപം.

വിനോദ സഞ്ചാരികൾക്കായി ആഡംബര ബസുകൾ

■ സർവീസ് ഇന്നുമുതൽ കൊച്ചിയിലും തിരുവനന്തപുരത്തും

തിരുവനന്തപുരം: ടൂറിസം കേന്ദ്രങ്ങളിലേക്ക് സഞ്ചാരികളെ എത്തിക്കുന്നതിന് കെ.ടി.ഡി.സിയുടെ ആഡംബര ബസുകൾ ഇന്നുമുതൽ നിരത്തിലിറങ്ങും. മൂന്ന് ആഡംബര ബസുകളാണ് 'ബസ് ടൂർ' പദ്ധതിയുടെ ഭാഗമായി സർവീസ് ആരംഭിക്കുന്നത്. ആദ്യഘട്ടത്തിൽ തിരുവനന്തപുരത്തും കൊച്ചിയിലുമാണ് സർവീസ്.

ചൊവ്വ, ബുധൻ, വ്യാഴം, വെള്ളി ദിവസങ്ങളിൽ നടത്തുന്ന തിരുവനന്തപുരം ടൂറിന് 899 രൂപയാണ് ടിക്കറ്റ് നിരക്ക്. തിങ്കൾ ഒഴിച്ചുള്ള ദിവസങ്ങളിൽ നടത്തുന്ന തിരുവനന്തപുരം - കന്യാകുമാരി യാത്രയ്ക്ക് നിരക്ക് 1,500 രൂപ. 'റിഫ്രഷിംഗ് പൊന്മുടി' എന്ന പാക്കേജിൽ കെ.ടി.ഡി.സിയുടെ ഹോട്ടലായ പൊന്മുടി ഗോൾഡൻ പീക്കിൽ താമസ സൗകര്യവും ഒരുക്കും. 2,655 രൂപയാണ് പൊന്മുടി പാക്കേജിന്റെ നിരക്ക്. കൊച്ചിയിൽ ബോൾഗാട്ടി പാലസ് മുതൽ മട്ടാഞ്ചേരി, ഫോർട്ട് കൊച്ചി, തൃപ്പൂണിത്തുറ ഹിൽപാലസ് സന്ദർശന പാക്കേജിനും ചെറായി ബീച്ചടക്കം സന്ദർശിക്കാവുന്ന അൾട്ടിമേറ്റ് കൊച്ചി ടൂർ പാക്കേജിനും 1,000 രൂപ വീതമാണ് നിരക്ക്.

24 സീറ്റുകളുള്ള ആഡംബര ബസുകളിൽ പരിശീലനം ലഭിച്ച ഗൈഡുകളും ഉണ്ടാകും. സ്ഥലങ്ങളെ കുറിച്ചുള്ള വിവരങ്ങൾ മൂന്ന് ഭാഷകളിൽ കേൾക്കാം. ഇന്ന് രാവിലെ 10.30 ന് മാസ്കറ്റ് ഹോട്ടലിന് മുൻവശത്ത് മന്ത്രി കടകംപള്ളി സുരേന്ദ്രൻ ബസ് ടൂർ പദ്ധതി ഉദ്ഘാടനം ചെയ്യും.

ജുവൽ ട്രെൻഡ്സ് ജെം ആൻഡ് ജുവലറി ഷോയുടെ ഉദ്ഘാടനം മുംബയിലെ സഹാറ സ്റ്റാർ ഹോട്ടലിൽ മലബാർ ഗ്രൂപ്പ് എക്സിക്യൂട്ടീവ് ഡയറക്ടർ എ.കെ. നിഷാദ് നിർവഹിക്കുന്നു. ജുവൽ ട്രെൻഡ്സ് ഡയറക്ടർ ഷമൽ പോദ്ദെ, സി.എം.ഡി ഗോവിന്ദ് വർമ്മ, ജി.ജെ.സി.ടി.ഐ പ്രസിഡന്റ് ശാന്തിഭായ് പാട്ടീൽ, കല്യാൺ ജുവലേഴ്സ് എക്സിക്യൂട്ടീവ് ഡയറക്ടർ രാജേഷ് കല്യാണരാമൻ തുടങ്ങിയവർ സമീപം.

ചൈനീസ് ഫോണുകൾ ഇന്ത്യയിൽ പിടിമുറുക്കുന്നു

ന്യൂഡൽഹി: ഇന്ത്യൻ വിപണിയിൽ ചൈനീസ് സ്മാർട്ട്ഫോണുകളുടെ വില്പന കുത്തനെ കൂടുന്നതായി ഇന്റർനാഷണൽ ഡാറ്റാ കോർപ്പറേഷന്റെ (ഐ.ഡി.സി) റിപ്പോർട്ട്. 2017ൽ ചൈനീസ് സ്മാർട്ട്ഫോണുകളുടെ വിപണി വിഹിതം 2016ലെ 34 ശതമാനത്തിൽ നിന്ന് 53 ശതമാനമായി ഉയർന്നു. ദക്ഷിണ കൊറിയൻ കമ്പനിയായ സാംസംഗിനെ പിന്തള്ളി ചൈനീസ് കമ്പനി ഷവോമി ഇന്ത്യയിൽ ഏറ്റവുമധികം വില്പന നേടുന്ന കമ്പനിയെന്ന പട്ടവും ചൂടി. ഫീച്ചർ ഫോണുകളുടെ വില്പനയിൽ മുന്നിട്ടു നിൽക്കുന്നത് റിലയൻസ് ജിയോ ഫോണാണ്.

കഴിഞ്ഞവർഷം 12.40 കോടി ഫോണുകളാണ് ഇന്ത്യയിൽ വിറ്റഴിഞ്ഞത്. 2016നെ അപേക്ഷിച്ച് 14 ശതമാനമാണ് വർദ്ധന. ലോകത്തിലെ 20 പ്രമുഖ സ്മാർട്ട്ഫോൺ വിപണികളിൽ ഏറ്റവും ഉയർന്ന വളർച്ച 2017ൽ കുറിച്ചതും ഇന്ത്യയാണ്. മൂന്ന് വർഷത്തെ ഇടിവിനുശേഷം ഫീച്ചർ ഫോൺ വിപണി 17 ശതമാനം വളർച്ചയോടെ നേട്ടത്തിന്റെ ട്രാക്കിലെത്തിയെന്ന വിശേഷവും 2017ലുണ്ടായി. 16.40 കോടി ഫീച്ചർ ഫോണുകൾ കഴിഞ്ഞവർഷം വിറ്റഴിഞ്ഞു.

അതേസമയം, ബഡ്ജറ്റിൽ ഇറക്കുമതി ചുങ്കം 15 ശതമാനത്തിൽ നിന്ന് 20 ശതമാനമായി ഉയർത്തിയത് വരും നാളുകളിൽ ചൈനീസ് ഫോണുകളുടെ വില്പനയെ ബാധിച്ചേക്കുമെന്ന വിലയിരുത്തലുണ്ട്.

SCRIP	BSE	NSE
ABB	1571.650	1572.100
ACC	1625.750	1629.700
AMARAJA	839.350	839.100
ANDHARA BANK	46.900	46.900
APOLLOTYRE	274.050	274.000
APPOLOHOS	1180.650	1191.800
ARVINDMILL	396.650	396.300
ASHOKLEY	137.550	137.400
ASIANPNT	1140.650	1139.150
AVAYA GLOBAL	122.600	123.200
AVTNPL	44.300	44.300
AXISBANK	543.950	543.900
BAJAJAUTO	3110.850	3109.750
BALAJITELE	146.300	146.250
BANKOFBARODA	165.700	165.800
BATAIND	718.200	717.950
BEML	1324.350	1321.000
BFLSOFT	895.900	890.800
BHARTI	434.200	434.800
BHEL	97.600	97.850
BIOCON	606.300	606.850
BOI	133.450	133.550
BOMBDYE	260.750	261.250
BPCL	460.300	460.100
BPL	99.850	99.600
BRITANNIA	4759.300	4764.150
BSES	456.750	457.250
CANARABANK	308.850	308.800
CEAT	1621.650	1621.400
CENTURY TEXT	1273.550	1275.200
CHENNAIPETRO	380.150	381.000
CIPLA	616.950	616.150
COLGATE	1093.300	1096.350
CORPBNK	34.500	34.500
CROMPGREV	89.350	89.450
D-LINK	105.850	105.600
DABUR	340.700	340.750
DENABANK	22.350	22.400
DIVIS LAB	1050.300	1050.700
DRREDDY	2183.100	2183.300
DWARKESH SUGAR	41.850	41.700
Eastern Treads	99.550	0.000
EIHOTEL	183.000	182.900
ENGGINDIA	175.550	175.450
ESCORTS	887.150	887.700
Excel Infoways Ltd	33.850	33.550
FEDERALBNK	95.150	95.150
FINLXCABLE	702.000	704.250
GAIL	466.750	466.900
GARDEN SILK	43.050	42.900
GEOJIT	98.650	99.100
GESHIPP	397.000	398.150
GLAXO	2450.100	2459.050
GLENMARK	531.100	530.450
Globus Spirits Ltd	147.550	147.850
GNFC	493.000	493.750
GODREJS	1024.900	1027.500
GRASIM	1127.750	1126.750
GUJAMBCEM	254.000	254.150
HARMALA	89.350	89.450
HDFC	1813.800	1814.000
HDFCBNK	1884.350	1883.150
HEROHONDA	3599.850	3596.050
HINDALCO	243.300	243.250
HINDLEVER	1350.550	1349.400
HINDUJAFUN	829.000	825.200
HPCL	382.750	382.650
I-FLEX	4009.950	4014.350
ICICIBANK	318.550	318.950
IDBI	65.300	65.450
INDHOTEL	134.900	135.600
INDIACEM	159.000	159.200
INFOSYS	1098.050	1097.750
INFOTECH ENT	623.700	624.000
IOB	21.500	21.500
IOC	378.050	377.350
ITC	266.750	266.500
KALECONSULT	1398.400	1407.550
KARUR VYSYA BANK	112.850	113.100
KOPRAN	76.200	76.150
KOTAKM	1044.750	1042.450
L&T	1357.700	1361.200
LICHSGFIN	525.150	525.050
LUPINCHEM	827.500	827.600
LYKALAB	61.850	61.950
M&M	746.450	746.950
MAHABANK	18.900	18.850
Mahindra Holidays	315.650	313.950
MARUTI	9010.000	9001.600
MAXIND	518.550	518.050
MCDOWEL	3209.250	3214.700
MRF	72019.950	72329.200
MROTECH	25.500	26.000
MTNL	23.150	23.150
MUKTAARTS	81.100	82.000
NAICHOLAS	2723.600	2733.300
NEYBELI	103.300	103.300
OBC	104.000	103.850
Oil India Ltd (OIL)	360.100	359.250
ONGC	185.850	185.750
ONWARDTECI	106.900	107.000
PANACEABIO	345.400	348.500
PETRONET	251.350	252.050
PFIZER	2321.400	2328.700
Pipavav Shipyard	41.750	41.700
POLARIS	469.100	469.100
PRYACEM	383.550	383.600
PTC	102.250	102.300
RAMCOSYS	453.600	454.000
RELCAP	509.950	509.950
RELIANCE	932.400	933.650
ROLTA	76.150	76.250
SAB	23.050	22.850
SAIL	93.550	93.550
SARIGAMA	762.200	761.800
SBI	276.800	276.200
SCI	82.450	82.350
SIB	27.800	27.750
SIEMENS	1273.650	1275.500
SKFBEAR	1810.600	1826.700
SMITHKLC	6421.300	6432.100
STROPTICAL	356.850	356.600
SUNPHARMA	574.450	574.800
SYNDIBANK	62.800	63.000
Tata Communications	655.600	656.600
TATACHEM	712.000	714.500
TATAELXSI	1019.900	1021.650
TATATEA	282.050	281.950
TCS	2910.450	2911.800
TELCO	376.850	376.850
THERMAX	1196.350	1197.800
THMCOOK	241.800	242.350
TIPSINDIA	90.450	89.850
TISCO	708.350	708.000
TITANIND	814.300	813.700
TRIGYNTECH	164.800	164.400
UCOBANK	29.100	29.050
UNICHEMLAB	378.950	378.950
VESUVIUS	1335.400	1357.300
Vguard	227.700	227.700
VOLTAS	601.500	601.750
WIPRO	293.000	293.450
WONDERLA	378.750	377.750
ZEETELE	576.500	576.600

വിനിമയനിരക്ക്

കറൻസി	സെൽ	ബയിംഗ്
ഡോളർ	64.14	64.05
യൂറോ	79.17	79.09
പൗണ്ട്	88.90	88.80
സ്വിസ് ഫ്രാങ്ക്	68.71	68.58
സിംഗപ്പൂർ ഡോളർ	48.61	48.53
ആസ്ട്രേലിയ ഡോളർ	50.42	50.38
കനേഡിയൻ	51.02	50.93
ബഹ്റിൻ ദിനാർ	170.00	
കുവൈറ്റ് ദിനാർ	213.76	
ഒമാനി റിയാൽ	166.47	
സൗദി റിയാൽ	17.09	
യു. എ. ഇ. ദിർഹം	17.45	
ഖത്തർ റിയാൽ	17.59	

കമ്പോളനിലവാരം

കൊച്ചി	
വെളിച്ചെണ്ണ മില്ലിംഗ്	19,800
വെളിച്ചെണ്ണ	19,000
കൊപ്ര	12,780-13,700
പിണ്ണാക്ക്എക്സ്പെല്ലർ	2900
പിണ്ണാക്ക്റോട്ടറി	3600
കുരുമുളക്	
ചേറ്റാത്തത്	38,900
കുരുമുളക്പുതിയത്	37,400
കുരുമുളക്ചേറ്റിയത്	40,900
ചുക്ക്മീഡിയം	12,500
ചുക്ക്ബെസ്റ്റ്	13,500
മഞ്ഞൾ	11,500
സേലം-ഈറോഡ്	8500-9000
കാഞ്ഞിരക്കുരു	1850
അടയ്ക്ക	
പുതിയത്	20,000-21,000
അടയ്ക്കപഴയത്	ഇല്ല
പഞ്ചസാര	3550
വറ്റൽമുളക്	9000-15,000
ഉഴുന്ന്	6000-7000
ചെറുപയർ	6500-7300
കടല	5,500-6,500
മുതിര	4100
എള്ള്	11,000
മല്ലി	6,300-9,000
പച്ചരി നമ്പർ-2	2400-3150
പുഴുക്കലരി(ജയ)	3700-3750
ജാതിക്കതൊണ്ടൻ	180-190
തൊണ്ടില്ലാത്തത്	340-360
ജാതിപത്രി	500-600
ഗ്രാമ്പൂ	680
പാംഓയിൽ	6430
പൈനാപ്പിൾ	
പച്ച	18.00
പച്ച (സ്പെഷ്യൽ)	19.00
പഴം	23.00
റബർ	
ആർഎസ്എസ്4	12,300
ആർഎസ്എസ്-5	11,500-12,100
ഒട്ടുപാൽ	8000
ലാറ്റക്സ്	8400
ആലപ്പുഴ	
വെളിച്ചെണ്ണ	19700
പിണ്ണാക്ക്	3000
കൊപ്ര	13000
,,	13050
,,	13100
കോട്ടയം	
കമ്പോളനിലവാരം	
വ്യാപാരിവില	
ആർ.എസ്.എസ്4	121.00
ആർ.എസ്.എസ്5	118.00
തരംതിരിക്കാത്തത്	109.00
ഒട്ടുപാൽ	72.00
റബർബോർഡ്	
ആർ.എസ്.എസ്4	12400
ആർ.എസ്.എസ്5	12100
തരംതിരിക്കാത്തത്	10900
ഒട്ടുപാൽ	8665
ബാങ്കോക്ക്	
ആർ.എസ്.എസ്1	11060
ആർ.എസ്.എസ്2	10938
ആർ.എസ്.എസ്3	10826
ആർ.എസ്.എസ്4	10765
ആർ.എസ്.എസ്5	10673
കോലാലമ്പൂർ	
(ബ്രായ്ക്കറ്റിൽ ഡോളർ വില)	
എസ്.എം.ആർ 20	9305 (144.75)
60% ലാറ്റക്സ്	7459 (116.05)
വെളിച്ചെണ്ണ	20900
കൊപ്ര	13400
ശർക്കര (മറയൂർ)	6000
ശർക്കര (പാണ്ടി)	5000
തൃശൂർ	
മാർക്കറ്റ്	
വെളിച്ചെണ്ണ	19000
കൊപ്ര	13400
തേങ്ങപിണ്ണാക്ക്	2900
എള്ളിൻപിണ്ണാക്ക്	3250
നല്ലെണ്ണ	2200
കടലെണ്ണ	2350
അടയ്ക്കകൊക്കാലെ	
പുതിയത്	4000-4400
പഴയത്	3700-4100
രണ്ടാംതരം	2000-2500
അമല	
പുതിയത്	3900-4550
പഴയത്	4200-4700
രണ്ടാംതരം	2600-3100
അടയ്ക്കപഴഞ്ഞി	
പഴയത്	4000-4600
പുതിയത്	4000-4200
രണ്ടാംതരം	2600-3300
നെടുമങ്ങാട്	
കമ്പോളനിലവാരം	
കുരുമുളക്	340(കിലോ)
പച്ചക്കുരുമുളക്	115(,,)
കൊട്ടപ്പാക്ക്(പുതിയത്)	170(,,)
വരവുമേനി	150(,,)
റബ്ബർ	112(,,)
ഒട്ടുപാൽ	66(,,)
ജാതിക്ക	160(,,)
ജാതിപരിപ്പ്	260(,,)
ജാതിപത്രി	500(,,)
ഗ്രാമ്പൂ	500(,,)
കാപ്പിപരിപ്പ്	95(,,)
കൊക്കോ	10(,,)
തേങ്ങ	50(,,)
സ്വർണം	
കൊച്ചി(8ഗ്രാം)	22,440
ഒരുഗ്രാം	2805
വെള്ളി	
തിരുവനന്തപുരം	43000
കൊച്ചി	43000

ശാസ്ത്രകൗമുദി

ചെവിയുടെ ശത്രു ബഡ്സ് !

ചെവിക്കുള്ളിലെ അഴുക്ക് നീക്കം ചെയ്യാൻ ബഡ്സ് ഉപയോഗിക്കുന്നവർ കേട്ടോളൂ, ബഡ്സ് ചെവിയുടെ മിത്രമല്ല, ശത്രുവാണ്. ചെവിക്കുള്ളിലെ അഴുക്ക് നീക്കം ചെയ്യാനായി പലരും കുളി കഴിഞ്ഞാണ് ഈ ബഡ്സ് ഉപയോഗിക്കുന്നത്. ചെവിക്കായം ശരീരം തന്നെ സാവധാനത്തിൽ പുറത്തേക്കു കളയുമെന്നിരിക്കെയാണ് നമ്മൾ ബഡ്സ് ഉപയോഗിക്കുന്നത്.

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് കെയർ എക്സലൻസിന്റെ റിപ്പോർട്ട് പ്രകാരം ചെവിക്കുള്ളിൽ ബഡ്സ് ഉപയോഗിക്കുന്നത് തിരിച്ചടിയാകുമെന്നാണ് വ്യക്തമാക്കുന്നത്.

ചെവിക്കുള്ളിൽ മൃദുവായ തൊലിക്ക് പരിക്കേൽക്കാൻ കാരണമാകുന്ന ബഡ്സ് കേൾവിക്ക് തന്നെ തകരാറുണ്ടാക്കാനും കാരണമായേക്കാം. ചില ഘട്ടങ്ങളിൽ ബഡ്സിന്റെ ഉപയോഗം ചെവിക്കുള്ളിലെ ഗ്രന്ഥികൾക്ക് കേട് സംഭവിക്കാനും കാരണമാകുന്നുണ്ട്. ബഡ്സ് ഉപയോഗിക്കുന്നതുമൂലം ചെവിക്കായം കൂടുതൽ ഉള്ളിലേക്ക് പോകുകയും ചെവിക്കല്ലിനു ക്ഷതം സംഭവിക്കാൻ കാരണമാകുകയും ചെയ്യും.

ചെവിയിൽ അസ്വസ്ഥതകൾ തോന്നിയാൽ ഇ.എൻ.ടി സ്പെഷലിസ്റ്റിന്റെ സഹായം തേടുക.

കൗമുദി ടിവി

6.00 ഡിവോഷണൽസോംഗ്
6.26 am, pm ദൈവദശകം
7.00 ജീസസ് ഈസ് എലൈവ്
7.30 പ്രണവം
8.00 സ്നേക്ക്മാസ്റ്റർ
8.30 ന്യൂസ്ട്രാക്ക്
9.00 ഫിലിം ബോക്സ്
9.30 നേർക്കണ്ണ്
10.35 സ്വയംവരം
11.35 ഡ്രീം ഡ്രൈവ്
12.35 സ്ട്രെയ്റ്റ്ലൈൻ
1.35 ഹരിതം സുന്ദരം
2.35 ലേഡീസ് അവർ
6.00 ഹാസ്യരസം
6.35 ദേവാമൃതം
7.00 സാൾട്ട് & പെപ്പർ
8.35 താരപ്പകിട്ട്
11.00 ഡ്രീം ഡ്രൈവ്

MEDIMIX
ദേവാമൃതം
MON TO FRI
6:30AM
6:35PM
Powered by
SEAGULL

ഡിഡി മലയാളം

7.00 കൃഷിദർശൻ
8.00 മേഘരാഗം

ഡിഡി കേരളം

11.30 കൃഷിദർശൻ
2.00 മാജിക്കൽ ഫിങ്കേഴ്സ്
8.30 ചാറ്റ്ഷോ
10.30 ചായക്കൂട്ട്
11.00 ഗാനശ്യാമസന്ധ്യ

ഏഷ്യാനെറ്റ്

6.00 വേഴാമ്പൽ
6.30 ശ്രീമുരുകൻ
7.00 വാനമ്പാടി
7.30 കറുത്തമുത്ത്
8.00 പരസ്പരം
8.30 കസ്തൂരിമാൻ
9.00 ഭാര്യ
9.30 കോമഡി സ്റ്റാർഡ് സീസൺ 2

ന്യൂസ്

8.00 വാർത്താപ്രഭാതം
8.30 ചുറ്റുവട്ടം
12.30 നേർക്കുനേർ
2.30 ഡോ. ലൈവ്

ഏഷ്യാനെറ്റ് പ്ലസ്

7.30 മാനസവീര
8.00 അക്കരെയാണെന്റെ മാനസം
8.30 മൗനം സമ്മതം

ANIMAL PLANET

06:00 Monster Wars
07:00 Wild Cats
08:00 Animal Planet Exclusives
09:00 Lords of the Jungle
10:00 Zoltan the Wolfman
11:00 Survival Games
12:00 Animals Unleashed
03:00 Survival Games
04:00 Lords of the Jungle
06:30 World of the Wild
09:00 100 Days 100 Tales
10:00 Survival Games

സിനിമ

ഏഷ്യാനെറ്റ് hd: 9.00 'ലൗ 24X7'

ഏഷ്യാനെറ്റ് മൂവിസ്: 7.00 മാമ്പഴക്കാലം 10.00 അനിയൻബാവ ചേട്ടൻബാവ 1.00 ശൃംഗാരവേലൻ 4.00 ആഗസ്റ്റ് 15

ഏഷ്യാനെറ്റ്: 9.00 'ലൗ 24X7'

ഏഷ്യാനെറ്റ് പ്ലസ് : 12.00 നക്ഷത്രത്താരാട്ട്

എസിവി: 9.00 ദിനരാത്രങ്ങൾ 2.00 സ്വയംവര പന്തൽ 9.30 മാസ്മരം

റോസ്ബൗൾ: 2.00 ഹദാ ഹൗവാ

ജുക്ക്ബോക്സ്: 6.30 കാവടിയാട്ടം

കൈരളി: 1.15 ദേവാസുരം **വി:** 12.30 5 സുന്ദരികൾ 8.00 പയ്യാ

നിങ്ങളുടെ ഇന്ന്

കൂറുകളുടെ അടിസ്ഥാനത്തിൽ (2018 ഫെബ്രുവരി 15 വ്യാഴം)

മേടം : *(അശ്വതി, ഭരണി, കാർത്തിക ആദ്യ കാൽ ഭാഗം വരെ)*

സത്കീർത്തിയുണ്ടാകും. അപേക്ഷകളിൽ തീരുമാനം. ആരോഗ്യം ശ്രദ്ധിക്കും.

ഇടവം: *(കാർത്തിക അവസാന മുക്കാൽ ഭാഗം രോഹിണി, മകയിരം ആദ്യപകുതി വരെ)*

മംഗളകർമ്മങ്ങളിൽ പങ്കെടുക്കും. പുതിയ പദ്ധതികൾ തുടങ്ങും. എതിർപ്പുകളെ അതിജീവിക്കും.

മിഥുനം : *(മകയിരം രണ്ടാം പകുതിഭാഗം, തിരുവാതിര, പുണർതം ആദ്യം മുക്കാൽ ഭാഗം)*

ദുർഘട പ്രശ്നങ്ങൾ തരണം ചെയ്യും. ഓർമ്മശക്തി വർദ്ധിക്കും. വസ്തുവകകൾ തിരിച്ചുകിട്ടും.

കർക്കടകം : *(പുണർതം അവസാന കാൽ ഭാഗം, പൂയം, ആയില്യം)*

ആശയങ്ങൾ പങ്കുവയ്ക്കും പരീക്ഷയിൽ വിജയം. അനുകൂല സാഹചര്യം.

ചിങ്ങം : *(മകം, പൂരം, ഉത്രം കാൽ ഭാഗം)*

ജോലിയിൽ ഉയർച്ച. തർക്കങ്ങൾ പരിഹരിക്കും. തൊഴിൽ മേഖലയിൽ ലാഭം.

കന്നി : *(ഉത്രം അവസാന മുക്കാൽ ഭാഗം, അത്തം, ചിത്തിര ആദ്യ പകുതിഭാഗം)*

വഞ്ചനയിൽ പെടാതെ ശ്രദ്ധിക്കും. സാഹചര്യങ്ങൾ അനുകൂലമാകും. സ്ഥലമാറ്റത്തിന് അവസരം.

തുലാം : *(ചിത്തിര രണ്ടാം പകുതി, ചോതി, വിശാഖം ആദ്യപകുതി)*

ഉന്നത സൗഹൃദബന്ധം. അസ്വസ്ഥത ഉണ്ടാകാൻ സാദ്ധ്യത. ധനലാഭം.

വൃശ്ചികം : *(വിശാഖം അവസാന കാൽ ഭാഗം, അനിഴം, തൃക്കേട്ട)*

പുതിയ കർമ്മമേഖല. കുടുംബത്തിൽ സ്വസ്ഥത. ശാന്തിയും സമാധാനവും.

ധനു: (മൂലം, പൂരാടം, ഉത്രാടം 15 നാഴിക)

വിദേശ ഉദ്യോഗത്തിനവസരം. കാര്യവിജയം. അന്യരെ സഹായിക്കും.

മകരം: *(ഉത്രാടം അവസാന മുക്കാൽഭാഗം, തിരുവോണം, അവിട്ടം- ആദ്യപകുതി).*

മത്സരങ്ങളിൽ വിജയം. പുതിയ പദ്ധതികൾ. ഊർജ്ജസ്വലത വർദ്ധിക്കും.

കുംഭം: *(അവിട്ടം 30 നാഴിക, ചതയം, പൂരുരുട്ടാതി, 45 നാഴിക)*

സാഹചര്യങ്ങളെ അതിജീവിക്കും. ആത്മസംയമനം പാലിക്കും. നഷ്ടത്തിനു സാദ്ധ്യത.

മീനം: *(പൂരുരുട്ടാതി അവസാന കാൽഭാഗം, ഉത്രട്ടാതി, രേവതി).*

ആത്മസംതൃപ്തി. സുരക്ഷിതമായ മാറ്റം. മാനഹാനിയുണ്ടാകാതെ ശ്രദ്ധിക്കും.

- ഗോപകുമാർ ശർമ്മ